# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3625 | 23.08.2017 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.റ്റി.വന്നശേഷമുള്ള നികുതിയിനത്തിലെ വർദ്ധനവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.മുല്ലക്കര രത്നാകരൻ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| | സംസ്ഥാനത്ത് ജി.എസ്.റ്റി. നിലവിൽ വന്ന സാഹചര്യത്തിൽ നികുതിയിനത്തിൽ വരും വർഷങ്ങളിൽ എത്ര തുക അധികം ലഭിക്കുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | | ജി.എസ്.ടി നടപ്പാക്കുകമൂലം സർക്കാരിനുണ്ടാകുന്ന വരുമാന ലാഭനഷ്ട കണക്കുകൾ എത്രയെന്ന് ഇപ്പോൾ കൃത്യമായി പറയുക സാദ്ധ്യമല്ല. ജി.എസ്.ടി പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി ആയതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് നികുതി വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇ- കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിന് അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുന്ന ഗ്രാനൈറ്റ്, മാർബിൾ തുടങ്ങിയവയുടെ നികുതിയും മുമ്പ് അന്തർസംസ്ഥാന വില്പനയായി കണക്കാക്കിയിരുന്നതിനാൽ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് ലഭിച്ചിരുന്നില്ല. ജി.എസ്.ടി യിൽ ഈ നികുതിയും കേരളത്തിന് ലഭിക്കും. ഇത് വലിയ നേട്ടമാണ്. ചരക്കുസേവന നികുതി നടപ്പിലാക്കുമ്പോൾ വരുമാന നഷ്ടം ഉണ്ടാവുകയാണെങ്കിൽ 2015-16 ലെ നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വർദ്ധനവ് വർഷം തോറും കണക്കാക്കി ആദ്യ അഞ്ചു വർഷത്തേയ്ക്ക് പൂർണ്ണമായി നഷ്ടപരിഹാരം നൽകുന്ന രീതിയിൽ GST Compensation Act പാസ്സാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ